# ആഴ്സനൽ ടാറ്റാ ടീ സോക്കർ

# ക്രസൻറ് റസിഡൻഷ്യൽ സ്കൂളിന് കിരീടം

**കോഴിക്കോട്:** വെളിമുക്ക് ക്രസൻറ് റസിഡൻഷ്യൽ സ്കൂറം ആഴ്സനൽ ടാറ്റാ ടീ സോക്കർ കിരീടം നേടി. കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന ഫൈനലിൽ അവർ ഈങ്ങാപ്പുഴ എം.ജി.എം. എച്ച്.എസ്സിനെ സഡൻ ഡെത്തിൽ തോല്പിച്ചു (സ്കോർ 3–2).

20 മിനുട്ടു നേരത്തെ മത്സരത്തിൽ ഇരു ടീമുകളും ഗോറംരഹിത സമനിലയിൽ പിരിഞ്ഞ ശേഷം നടന്ന ടൈബ്രേക്കറിൽ ഈരണ്ട് ഗോറം വീതം നേടി സമനിലയിൽ ആയതിനെത്തുടർന്നാണ് സഡൻ ഡെത്തിലൂടെ വിജയികളെ കണ്ടെത്തിയത്. സെമിഫൈനലിൽ ക്രസൻറ് വെളിമുക്ക് മടക്കമില്ലാത്ത രണ്ടു ഗോളിന് രാമകൃഷ്ണമിഷൻ സ്കൂളിനെയും ഈങ്ങാപ്പുഴ എം.ജി. എം.എച്ച്.എസ്. രണ്ടിനെതിരെ മൂന്നു ഗോളിന് പരപ്പിൽ എം. എം.എച്ച്.എസ്സിനെയും തോല്പിച്ചു.

സമാപനച്ചടങ്ങിൽ മുൻ ഇൻറർനാഷണൽ താരം കെ.പി. സേതുമാധവൻ മുഖ്യാതിഥിയായിരുന്നു. ജംഷദ്നസിരി, പ്രേംനാഥ് ഫിലിപ്പ്, കെ.ഡി.എഫ്.എ. സെക്രട്ടറി പി. ഹരിദാസ്, സി. കബീർദാസ് എന്നിവർ സംസാരിച്ചു. ടൂർണമെൻറിലെ മികച്ച ഗോറംകീപ്പറായി ചാലിയം ഉമ്പിച്ചി സ്കൂളിലെ മുഹമ്മദ് നിഹാലിനെയും കൂടുതൽ ഗോറം നേടിയ താരമായി ക്രസൻറ് സ്കൂളിലെ കെ.വി. സജീവിനെയും മികച്ച കളിക്കാരനായി മലപ്പുറം എം.എസ്.പി. സ്കൂളിലെ പി. സമീറിനേയും തിരഞ്ഞെടുത്തു. കൊൽക്കത്തയിൽ ആഴ്സനൽ നടത്തുന്ന പരിശീലന ക്യാമ്പിലേക്ക് കെ.വി. സജീവ്, മുഹമ്മദ്അഷറഫ്, പി. സമീർ എന്നിവരെ തിരഞ്ഞെടുത്തു.